# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2543 12.03.2018 ൽ മറുപടിക്ക്

**കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മാണം**

| ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷനിൽ (കൊളത്തൂർ) സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഫ്ലൈഓവർ നിർമ്മാണം സംബന്ധിച്ച് കൈക്കൊണ്ട നടപടിക്രമം വിശദമാക്കാമോ; | (എ) 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ കിഫ്ബി പദ്ധതിയിൽപ്പെട്ട കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷൻ ഫ്ളൈ ഓവറിന്റെ ഡി.പി.ആർ തയ്യാറാക്കുകയും അത് 15.12.2017-ന് കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. കിഫ്ബിയുടെ സാങ്കേതിക വിഭാഗം ഡി.പി.ആർ പരിശോധിക്കുകയും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നല്കുകയും അതിനു മറുപടി ആർ.ബി.ഡി.സി.കെ. 02.03.2018-ൽ നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പദ്ധതിക്ക് അനുമതി ലഭിച്ചതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) പ്രസ്തുത ഫ്ലൈഓവർ നിർമ്മാണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കിഫ്ബിയിൽ നിന്നും പദ്ധതിക്ക് അനുമതി ലഭിക്കാനുണ്ട്. വേറെ സാങ്കേതിക തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ഫ്ലൈഓവറുകളിൽ ഏതെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (സി) പൊതുമരാമത്ത് നിരത്ത് വിഭാഗം മഞ്ചേരിയുടെ കീഴിൽ 2016-17-ൽ ബജറ്റിൽ പ്രഖ്യാപിച്ച ഫ്ളൈ ഓവറുകളുടെ പ്രവൃത്തികൾ നിലവിലില്ല. RBDCK യുടെ കീഴിൽ കുണ്ടന്നൂർ ഫ്ളൈ ഓവറിന്റെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ